# വെളിപ്പാടുപുസ്തക പഠനം –12

# ഭൂമിയിലെ ഗോത്രങ്ങളൊക്കെയും

# അവനെച്ചൊല്ലി വിലപിക്കും

ഡോ.സി.വി. ആൻഡ്രൂസ്

‘‘ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കും’’ (വെളിപ്പാട് 1:7)

‘‘തങ്ങൾ കുത്തിയിട്ടുള്ളവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വിലപിക്കും’’ –സഖറിയ 12:10

‘‘എന്നാൽ അവനോട് നിന്റെ കൈയിൽ കാണുന്ന ഈ മുറിവുകൾ എന്ത് എന്ന് ചോദിക്കുന്നതിന് അവൻ: എന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽവച്ച് ഞാൻ അടി കൊൺടതാകുന്നു എന്ന് ഉത്തരം പറയും’’ –സഖറിയ 13:6

യേശുവിന്റെ പരസ്യവരവിൽ യേശുവിന്റെ ആണിപ്പഴുതുള്ള കൈകാലുകൾ കാണുമ്പോൾ അവനെ കുത്തിത്തുളച്ചത് ഞങ്ങളുടെ പിതാക്കന്മാരാണല്ലോ, ഞങ്ങളാണല്ലോ എന്നോർത്ത് ഇസ്രായേൽ ജനം വിലപിക്കുകയും അവർക്കുൺടാകുന്ന ദുഃഖവും പശ്ചാത്താപവും വളരെ അധികവുമാണ്. ‘‘അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിച്ചുകൊൺടു മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതും കാണും’’ (മത്തായി 24:30) ഇത് എപ്പോൾ സംഭവിക്കും?

‘‘ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ’’ (മത്തായി 24:29). എന്നു പറഞ്ഞാൽ ‘മഹോപദ്രവകാലം’ കഴിഞ്ഞിട്ട് എന്നർത്ഥം. കർത്താവിന്റെ രഹസ്യവരവു കഴിഞ്ഞ് മഹോപദ്രവകാലം. അതു കഴിഞ്ഞ് പരസ്യവരവും. രഹസ്യവരവിങ്കൽ വിശുദ്ധന്മാർ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും. അപ്പോൾതന്നെ മഹോപദ്രവകാലം അഥവാ ‘അന്തിക്രിസ്തുവിന്റെ ഭരണം’ ഇവിടെ ആരംഭിക്കും. ഏഴു വർഷം മഹാപീഡനം ഉൺടാകും. ഈ ഏഴു വർഷത്തിന്റെ അവസാനത്തിൽ കർത്താവ് ഭൂമിയിലേക്ക് തന്റെ വിശുദ്ധന്മാരുമായി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരും. രഹസ്യവരവിൽ സഭയെ ചേർക്കുവാനാണ് വന്നതെങ്കിൽ പരസ്യവരവിൽ സഭയുമായി ലോക രാജ്യത്വം ഏറ്റെടുക്കുവാൻ ഇറങ്ങിവരും. അന്നത്തെ വരവ് രഹസ്യത്തിലായിരുന്നു, ഇപ്രാവശ്യം പരസ്യമായിത്തന്നെ, സ്വർഗ്ഗീയമായ അധികാരത്തോടും പ്രതാപത്തോടും തേജസ്സോടുംകൂടെ മേഘങ്ങളെ വാഹനമാക്കി എല്ലാവരും കാണത്തക്കവണ്ണം അവൻ ഇറങ്ങിവരും. ഇതിനാണ് ‘ക്രിസ്തുവിന്റെ

മഹത്വപ്രത്യക്ഷത' എന്നു പറയുന്നത്. കർത്താവിന്റെ ഈ മഹത്വപ്രത്യക്ഷതയുടെ ചിത്രം വെളിപ്പാട് 19:16 ൽ കാണുന്നു. ''ഈ ഭൂമിയെ നീതിയോടെ ഭരിക്കാൻ കർത്താവ് ഇറങ്ങി വരും. അന്ന് ഇസ്രായേൽ തങ്ങൾ കുത്തിയവനെ നോക്കി വിലപിക്കുകയും പശ്ചാത്തപിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്യും'' (സഖറിയ 12:10–14 ).

''ഉവ്വ്'', ''ആമേൻ'' എന്ന് എടുത്തു പറഞ്ഞിട്ട് ആ വാക്യം നിർത്തുന്നു. അത് 'അപ്രകാരംതന്നെ' എന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു എന്ന് സാരം. ദൈവപുത്രനെ നിരസ്സിക്കുകയും അവനെ ക്രൂശിക്കുകയും ചെയ്ത യഹൂദജാതി ദൈവക്രോധത്തിന് വിധേയരായി. ഈ കഴിഞ്ഞ കാലങ്ങളിലെല്ലാം കഠിനമായ പീഡനങ്ങളിൽകൂടി കടന്നുപോയി. മഹോപദ്രവകാലയളവിൽ അന്തിക്രിസ്തുവിന്റെ ഭരണത്തിൻകീഴിൽ അവർക്കുൺടാകുന്ന കഷ്ടതയും പീഡയും ഇതുവരെ അവർ അനുഭവിച്ചിട്ടുള്ളതിനേക്കാൾ കാഠിന്യമേറിയതായിരിക്കും. എങ്കിലും ദൈവം തന്റെ ജനത്തെ മറന്നിട്ടില്ല, അവർ നിലവിളിക്കുമ്പോൾ തന്റെ ജനത്തോട് ചെയ്തിട്ടുള്ള വാഗ്ദത്തം ദൈവം ഓർക്കുകയും അവരെ വിടുവിക്കുന്നതിനായി ദൈവപുത്രൻ പരസ്യമായി പ്രത്യക്ഷനാവുകയും ചെയ്യും. ഇന്ന് സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള ഇസ്രായേൽ രാഷ്ട്രത്തിലേക്ക് ഇനിയും വന്നു ചേരുവാനുള്ള യഹൂദന്മാർ ഉൺട്. ഇപ്പോഴും അവർ വന്നുകൊൺടിരിക്കുന്നു.

അന്തിക്രിസ്തുവിന്റെ വാഴ്ചയുടെ ആരംഭത്തിൽ അന്തിക്രിസ്തുവിന്റെ സഹായത്താൽ നല്ലൊരുകൂട്ടം യഹൂദന്മാർ ഇസ്രായേലിലേക്ക് വരും. ശേഷിക്കുന്നവർ ഈ അവസാന രംഗത്ത് മടങ്ങിയെത്തും (ഏശയ്യ 11:11, യിരമ്യ 16:15–16, മത്തായി 24:31). തങ്ങൾക്കുവേൺടി പ്രത്യക്ഷപ്പെടുന്ന മശിഹയെ സ്വീകരിക്കാൻ തക്ക അന്തരീക്ഷത്തിൽ ഇസ്രായേൽ എത്തിച്ചേർന്നിരിക്കുന്ന സമയമാണിത്. ''വിടുവിക്കുന്നവൻ സീയോനിൽനിന്നും വരും. അവൻ യാക്കോബിൽനിന്നും അഭക്തിയെ മാറ്റും'' (റോമ 11:26).

''ഞാൻ അവർക്ക് വേറൊരു ഹൃദയത്തെ നൽകുകയും പുതിയൊരു ആത്മാവിനെ ഉള്ളിലാക്കുകയും ചെയ്യും; കല്ലായുള്ള ഹൃദയം ഞാൻ അവരുടെ ജഡത്തിൽനിന്നും നീക്കി മാംസമായുള്ള ഹൃദയം അവർക്കു കൊടുക്കും. അവർ എനിക്ക് ജനമായും ഞാൻ അവർക്ക് ദൈവമായും ഇരിക്കും'' (യഹസ്കിയേൽ 11: 19–20)

ഇത്രയുമാകുമ്പോൾ അവർ തങ്ങളുടെ പാപത്തെക്കുറിച്ച് ബോധമുള്ളവരായിത്തീരും. തങ്ങളുടെ മശിഹയെയാണ് ക്രൂശിച്ചു കൊന്നതെന്ന ചിന്ത അവരെ അനുതാപത്തിലേക്കും വിലാപത്തിലേക്കും നയിക്കും. അങ്ങനെ അവർ ജാതിയായി ക്രിസ്തുവിനെ തങ്ങളുടെ മശിഹായായി അംഗീകരിക്കും. ''അവർ എനിക്ക് ജനമായും ഞാൻ അവർക്ക് ദൈവമായും ഇരിക്കും'' (ഏശയ്യ 66:8) എന്ന് അപ്പോൾ ദൈവം പ്രഖ്യാപിക്കും. ഇങ്ങനെ ഇസ്രായേൽ മുഴുവൻ രക്ഷിക്കപ്പെടും (റോമ 11:260. ഈ വിധത്തിൽ കർത്താവിന്റെ രാജ്യത്തിൽ വാഴുന്നതിന് യഹൂദജാതി മുഴുവനും യോഗ്യരായിത്തീരും.